# സ്നേഹം (അത് എങ്ങനെ നിയമം നിറവേറ്റുന്നു)

സ്നേഹം പത്തു കൽപ്പനകൾക്ക് പകരം ആണോ? പത്തു കൽപ്പനകൾ അനുസരിക്കേണ്ടതില്ല, മറിച്ച് നമ്മുടെ ജീവിതത്തിൽ സ്നേഹം കാണിക്കണം എന്ന് പഠിപ്പിക്കാനാണോ മിശിഹാ വന്നത്? പത്തു കൽപ്പനകൾ അനുസരിക്കേണ്ടതില്ല, മറിച്ച് നമ്മുടെ ജീവിതത്തിൽ സ്നേഹം മാത്രം ഉണ്ടായാൽ മതി എന്നതാണോ മിശിഹാ പഠിപ്പിച്ചത്? മിശിഹാ പത്തു കൽപ്പനകൾ ഇല്ലായ്മ ചെയ്തോ? ഈ സുപ്രധാന വിഷയത്തെക്കുറിച്ച് പുതിയ നിയമം എന്താണ് പഠിപ്പിക്കുന്നത്?

പത്തു കൽപ്പനകൾ എന്തിനാണ് പഠിപ്പിക്കുന്നതെന്ന് സന്ദർശകന് അതിശയമായി തോന്നി. "കുരിശ് മരണത്തിൽ കൂടി നിയമം ഇല്ലാതായി എന്ന് നിങ്ങൾക്കറിയില്ലേ?" അവൻ അവിശ്വസനീയതയോടെ ചോദിച്ചു, "അവ യഹൂദർക്ക് മാത്രമായിരുന്നു. നാം കൃപയുടെ കീഴിലാണ്."

"നിങ്ങൾ പുതിയ നിയമത്തിൽ വിശ്വസിക്കുന്നുവെങ്കിൽ, നിങ്ങൾ സ്നേഹം പ്രസംഗിക്കണം, കാരണം രക്ഷകൻ ന്യായപ്രമാണം ഇല്ലാതാക്കി, പിതാവിനെയും നമ്മുടെ അയൽക്കാരനെയും സ്നേഹിക്കണമെന്ന് പറഞ്ഞു, ഈ രണ്ടു കല്പനകളിൽ സകലന്യായപ്രമാണവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു", അദ്ദേഹം കൂട്ടിച്ചേർത്തു.

പഴയനിയമം അനുസരിക്കാൻ ബാധ്യസ്ഥരല്ലാത്ത തങ്ങൾക്ക്, അതിലെ ഒരു നിയമവും ബാധകമല്ലെന്ന് ആത്മാർത്ഥമായി വിശ്വസിക്കുന്ന, ബോധവത്കരിക്കപ്പെട്ട നല്ല മനസ്സിന്റെ ഉടമകൾ ഒരുപക്ഷേ നിങ്ങളോട് ഇതേ കാര്യം പറഞ്ഞിരിക്കാം. അവരുടെ താൽപ്പര്യം പുതിയ നിയമത്തിൽ മാത്രമാണ്, അവർ നമ്മുടെ രക്ഷകന്റെ കൃപയെയും സ്നേഹത്തെയും ഊന്നിപ്പറയുന്നു.

## സ്നേഹത്തിന്റെ അർത്ഥം.

സ്നേഹത്തിന്റെ ഉറവിടം നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവായ യാഹ്വെയിൽ നിന്നാണ്, താൻ ലോകത്തെ അത്രമാത്രം സ്നേഹിച്ചതുകൊണ്ടു, *ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന്നു ദൈവം തന്റെ പുത്രനെ നൽകി,* യോഹന്നാൻ 3:16. എല്ലാ സ്നേഹത്തിന്റെയും ഉറവിടം യാഹ്വെയാണെന്ന് യോഹന്നാൻ പ്രഖ്യാപിക്കുന്നു, കൂടാതെ ഇങ്ങനെ എഴുതിയിരിക്കുന്നു: *സ്നേഹിക്കാത്തവൻ യാഹ്വെയെ അറിഞ്ഞിട്ടില്ല; യാഹ്വെ സ്നേഹം തന്നേ.* 1 യോഹന്നാൻ 4:8.

ബൈബിളിൽ സ്നേഹത്തിന് രണ്ട് വ്യത്യസ്ത വാക്കുകൾ കാണാം. "ഫിലിയോ" എന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥം "തീവ്രമായ വാത്സല്യവും വികാരവും" എന്നാണ്. "അഗാപെയോ" എന്ന മറ്റൊരു വാക്കിന്റെ അർത്ഥം "നിരുപാധികമായ സ്നേഹം, അഭിമാനവും, ഉയർന്ന ബഹുമാനവും" എന്നാണ്, ക്ഷണികമായ വികാരത്തെക്കാൾ വളരെ ഉപരിയായിയുള്ള സ്നേഹം. യാഹ്വെയോടുള്ള നമ്മുടെ സ്നേഹത്തെ സൂചിപ്പിക്കാൻ സാധാരണയായി ഉപയോഗിക്കുന്ന വാക്കാണ് "അഗാപെയോ".

പിതാവിനോടും നമ്മുടെ അയൽക്കാരനോടുമുള്ള സ്നേഹം പ്രതിപാദിക്കുന്ന വാക്യങ്ങൾ നമുക്ക് സൂക്ഷ്മമായി പരിശോധിക്കാം. സ്നേഹത്തിലൂടെ നമുക്ക് ന്യായപ്രമാണത്തെ അവഗണിക്കാം എന്നാണോ രക്ഷകൻ ഉദ്ദേശിച്ചത്? സ്നേഹം ഒന്നിൽ കൂടി മാത്രം, ന്യായപ്രമാണം നിറവേറ്റാനാകുമോ? അല്ലെങ്കിൽ "പലരും " അവഗണിക്കപ്പെടുന്ന ആഴമേറിയ അർഥം ഇതിനുണ്ടോ? ശരിയായ സ്നേഹം നമ്മുടെ പ്രവർത്തനങ്ങളെ ഒരു പ്രത്യേക ലക്ഷ്യത്തിലേക്ക് നയിക്കുമോ? പത്തു കൽപ്പനകൾ ഇപ്പോഴും ബാധകമാണോ? തുടർന്ന് വായിക്കുക.

## പൂർണ്ണഹൃദയത്തോടെ യാഹ്വെയെ സ്നേഹിക്ക

പുനരുത്ഥാനത്തിലോ ആത്മലോകത്തിലോ വിശ്വസിക്കാത്ത സദൂക്യരെ നിശ്ശബ്ദരാക്കിയ ശേഷം, രക്ഷകൻ ഒരു കുതന്ത്രത്തിന് വിധേയനായി. ഒരു പരീശൻ ('ശാസ്ത്രി' എന്നു മാർക്കോസ് വിളിക്കുന്നു) "*ഗുരോ, ന്യാപ്രമാണത്തിൽ ഏതു കല്പന വലിയതു?"* എന്നു ചോദിച്ചു. മത്തായി 22:36.

വ്യക്തമായും അത് ന്യായപ്രമാണത്തെക്കുറിച്ചുള്ള മിശിഹായുടെ അറിവ് പരിശോധിക്കുന്നതിനോ അല്ലെങ്കിൽ ധാരണാശക്തി പരിശോധിക്കുന്നതിനോ ഉള്ള ഒരു ശ്രമമായിരുന്നു.

ഒരുപക്ഷേ ചില യഹൂദന്മാർ ഏറ്റവും പ്രാധാന്യമുള്ള നിയമം ബലിയുടെ നിയമമാണെന്ന് കരുതിയതുകൊണ്ടാകാം; മറ്റുള്ളവർ , പരിച്ഛേദന; മറ്റുള്ളവർ, കഴുകലും ശുദ്ധീകരണവും.

അവർ ന്യായപ്രമാണത്തെ വലുതും ചെറുതുമായ കൽപ്പനകളായി തരം തിരിച്ചിരുന്നു. ('തോറ' എന്നാൽ ന്യായപ്രമാണത്തെയാണ് സൂചിപ്പിക്കുന്നത്, മോശയുടെ അഞ്ച് ഗ്രന്ഥങ്ങൾ (പഞ്ചഗ്രന്ഥം) എന്നറിയപ്പെടുന്ന ബൈബിളിലെ ആദ്യത്തെ അഞ്ച് പുസ്തകങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്നു).

*'ശേമാ'* (ആവർത്തനം 6:4–5) പരാമർശിച്ചുകൊണ്ട് രക്ഷകൻ പ്രതികരിച്ചതായി മാർക്കിന്റെ സുവിശേഷത്തിൽ പറയുന്നു: *"യിസ്രായേലേ, കേൾക്ക; യാഹ്‌വെ നമ്മുടെ ദൈവമാണ്, യാഹ്‌വെ ഏക ദൈവം: നിന്റെ ദൈവമായ യാഹ്‌വെയെ നീ പൂർണ്ണഹൃദയത്തോടും പൂർണ്ണാത്മാവോടും പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും കൂടെ സ്നേഹിക്കേണം,* മർക്കൊസ് 12:29–30.

## ആദ്യത്തേതും മഹത്തായതുമായ കൽപ്പന

എല്ലാറ്റിലും ഉപരി നാം യാഹ്‌വെയെ സ്നേഹിക്കണം. *ഇതാകുന്നു വലിയതും ഒന്നാമത്തേതുമായ കല്പന* (മത്തായി 22:38), എന്ന് രക്ഷകൻ കൂട്ടിച്ചേർത്തു. പിതാവിന്റെ സമ്പൂർണ്ണ സ്വഭാവവും കൽപ്പിക്കാനുള്ള അവകാശവും തിരിച്ചറിയുന്നില്ലെങ്കിൽ നമുക്ക് തന്റെ കൽപ്പനകൾ പാലിക്കാൻ കഴിയില്ല. നമ്മുടെ മനസ്സിലെ തീരുമാനങ്ങളെക്കാൾ ദൈവത്തിന്റെ നീതിയുള്ള ആജ്ഞകളെ അധികം സ്നേഹിക്കുവാനും അവിടുത്തെ ഹിതത്തിനു ഒത്തവണ്ണം കീഴടങ്ങുവാനും നമ്മൾക്ക് സാധിക്കണം.

ദൈവ കൽപ്പനകൾ അനുസരിക്കുന്നതിൽ എപ്പോഴും മുൻഗണന കൊടുക്കുകയും, കൂടാതെ ബഹുമാനയോഗ്യവും, ശ്രേഷ്ഠമായതും, വ്യാപ്തിയിലും ദൈർഘ്യത്തിലും അത് ഒന്നാമത്തേതും മഹത്തരവും ആണെന്നുള്ള ബോധം നമ്മളിൽ ഉണ്ടായിരിക്കുകയും അതനുസരിച്ചു പ്രവർത്തിക്കുകയും വേണം. ദൈവത്തിന്റെ ഇച്ഛാനുസരണം നടക്കുന്നതിനു മുമ്പ് നാം എളിമയുള്ളവരും ആയിരിക്കണം. സർവ്വശക്തനായ യാഹ്‌വെയോടുള്ള നമ്മുടെ സ്നേഹവും ആദരവും ഉചിതവും ശരിയുമാണെങ്കിൽ, അവന്റെ സൃഷ്ടികളോടുള്ള നമ്മുടെ സ്നേഹം നേരായതും യുക്തമായതുമായ മനോഭാവത്തെ പ്രതിഫലിപ്പിക്കും. യാഹ്‌വെയുടെ അതിഭയങ്കര ശക്തിയെ തിരിച്ചറിയുമ്പോൾ, യഹോവയുമായുള്ള നമ്മുടെ ബന്ധത്തെ പ്രതിപാദിക്കുന്ന ആദ്യത്തെ അഞ്ച് കൽപ്പനകളെ നാം മാനിക്കുകയും പാലിക്കുകയും ചെയ്യുന്നു. *നാം തന്റെ കല്പനകളെ പ്രമാണിക്കുന്നതാകുന്നു യാഹ്‌വെയോടുള്ള സ്നേഹം: തന്റെ കല്പനകൾ ഭാരമുള്ളവയല്ല,* 1 യോഹന്നാൻ 5:3. യാഹ്ശുവയും ഇപ്രകാരം പറഞ്ഞതായി രേഖപ്പെടുത്തിയിരിക്കുന്നു: *നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും*, യോഹന്നാൻ 14:15.

## സഹമനുഷ്യരോടുള്ള നമ്മുടെ നിയമം

"*അയൽക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കേണം*" മത്തായി 22:39. രക്ഷകൻ തുടർന്നു പറഞ്ഞു: "*ഈ രണ്ടു കല്പനകളിൽ സകലന്യായപ്രമാണവും പ്രവാചകന്മാരും അടങ്ങിയിരിക്കുന്നു*", മത്തായി 22:40. രണ്ടാമത്തെ ഈ (വാക്യം 39) വാക്യത്തിന് ആദ്യ (വാക്യം 38) വാക്യത്തിന്റെ അത്ര തന്നെ പ്രാധാന്യവും അന്തസ്സും പരിശുദ്ധിയും പ്രയോഗക്ഷമതയും ഉണ്ട്. രക്ഷകൻ യഥാർത്ഥത്തിൽ ഒരു പുതിയ കൽപ്പന അവതരിപ്പിച്ചതല്ല, കാരണം ഇത് ന്യായപ്രമാണത്തിൽ രേഖപെടുത്തിയിട്ടുള്ളതായി കാണപ്പെടുന്നു: *നിന്റെ ജനത്തിന്റെ മക്കളോടു പക വെക്കരുതു; അയൽക്കാരനെ നിന്നെപ്പോലെ തന്നേ സ്നേഹിക്കേണം; ഞാൻ യാഹ്‌വെ ആകുന്നു,* ലേവ്യപുസ്തകം 19:18.

## പത്തു കൽപ്പനകൾ

യാഹ്‌വെയുടെ എല്ലാ നിയമങ്ങളുടെയും അടിസ്ഥാനം ഈ പത്തു കൽപ്പനകൾ (ആവ. 5:6–21) ആണെന്നുള്ളത് ഒരു സുപ്രധാന കാര്യമാണ്. ഈ പത്ത് കൽപ്പനകളെ രണ്ട് അടിസ്ഥാന വകുപ്പുകളായി തിരിക്കാം; ആദ്യത്തെ അഞ്ചെണ്ണം യാഹ്‌വെയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു; രണ്ടാമത്തെ അഞ്ചെണ്ണം നമ്മുടെ മനുഷ്യബന്ധങ്ങളെക്കുറിച്ചുള്ളവ:

1. *അടിമവീടായ മിസ്രയീംദേശത്തുനിന്നു നിന്നെ കൊണ്ടുവന്ന യാഹ്വെയായ ഞാൻ നിന്റെ ദൈവം ആകുന്നു. ഞാനല്ലാതെ അന്യദൈവങ്ങൾ നിനക്കു ഉണ്ടാകരുതു.*

2. *വിഗ്രഹം ഉണ്ടാക്കരുതു; മീതെ സ്വർഗ്ഗത്തിൽ എങ്കിലും താഴെ ഭൂമിയിൽ എങ്കിലും ഭൂമിക്കു കീഴെ വെള്ളത്തിൽ എങ്കിലും ഉള്ള യാതൊന്നിന്റെയും പ്രതിമ അരുതു. അവയെ നമസ്കരിക്കയോ സേവിക്കയോ ചെയ്യരുതു; നിന്റെ ദൈവമായ യാഹ്വെ എന്ന ഞാൻ തീക്ഷ്ണതയുള്ള ദൈവം ആകുന്നു; എന്നെ പകെക്കുന്നവരിൽ പിതാക്കന്മാരുടെ അകൃത്യം മൂന്നാമത്തെയും നാലാമത്തെയും തലമുറവരെ മക്കളുടെ മേൽ സന്ദർശിക്കയും എന്നെ സ്നേഹിച്ചു എന്റെ കല്പനകളെ പ്രമാണിക്കുന്നവർക്കു ആയിരം തലമുറവരെ ദയകാണിക്കയും ചെയ്യുന്നു.*

3. *നിന്റെ ദൈവമായ യാഹ്വെയുടെ നാമം വൃഥാ എടുക്കരുതു; തന്റെ നാമം വൃഥാ എടുക്കുന്നവനെ യാഹ്വെ ശിക്ഷിക്കാതെ വിടുകയില്ല.*

4. *നിന്റെ ദൈവമായ യാഹ്വെ നിന്നോടു കല്പിച്ചതുപോലെ ശബ്ബത്തുനാൾ ശുദ്ധീകരിച്ചു ആചരിക്ക. ആറുദിവസം അദ്ധ്വാനിച്ചു നിന്റെ വേല ഒക്കെയും ചെയ്ക. ഏഴാം ദിവസമോ നിന്റെ ദൈവമായ യാഹ്വെയുടെ ശബ്ബത്താകുന്നു; അന്നു നീയും നിന്റെ മകനും മകളും നിന്റെ വേലക്കാരനും വേലക്കാരത്തിയും നിന്റെ കാളയും കഴുതയും നിനക്കുള്ള യാതൊരു നാൽക്കാലിയും നിന്റെ പടിവാതിലുകൾക്കകത്തുള്ള അന്യനും ഒരു വേലയും ചെയ്യരുതു; നിന്റെ വേലക്കാരനും വേലക്കാരത്തിയും നിന്നെപ്പോലെ സ്വസ്ഥമായിരിക്കേണ്ടതിന്നു തന്നേ. നീ മിസ്രയീംദേശത്തു അടിമയായിരുന്നു എന്നും അവിടെ നിന്നു നിന്റെ ദൈവമായ യാഹ്വെ നിന്നെ ബലമുള്ള കൈകൊണ്ടും നീട്ടിയ ഭുജംകൊണ്ടും പുറപ്പെടുവിച്ചു എന്നും ഓർക്ക; അതുകൊണ്ടു ശബ്ബത്തുനാൾ ആചരിപ്പാൻ നിന്റെ ദൈവമായ യാഹ്വെ നിന്നോടു കല്പിച്ചു.*

5. *നിനക്കു ദീർഘായുസ്സു ഉണ്ടാകുവാനും നിന്റെ ദൈവമായ യാഹ്വെ നിനക്കു തരുന്ന ദേശത്തു നിനക്കു നന്നായിരിപ്പാനും നിന്റെ ദൈവമായ യാഹ്വെ നിന്നോടു കല്പിച്ചതുപോലെ നിന്റെ അപ്പനെയും അമ്മയെയും ബഹുമാനിക്ക.*

6. *കുല ചെയ്യരുതു.*

7. *വ്യഭിചാരം ചെയ്യരുതു.*

8. *മോഷ്ടിക്കരുതു.*

9. *അയൽക്കാരന്റെ നേരെ കള്ളസ്സാക്ഷ്യം പറയരുതു.*

10. *അയൽക്കാരന്റെ ഭാര്യയെ മോഹിക്കരുതു; അയൽക്കാരന്റെ ഭവനത്തെയും നിലത്തെയും അവന്റെ വേലക്കാരനെയും വേലക്കാരത്തിയെയും അവന്റെ കാളയെയും കഴുതയെയും കൂട്ടുകാരന്നുള്ള യാതൊന്നിനെയും മോഹിക്കരുതു.*

## വലങ്കൈ യാഹ്വെയെ സേവിക്കുന്നു; വലങ്കൈ മറ്റുള്ളവരെ സേവിക്കുന്നു

യാഹ്വെയുടെ വലതു ഉള്ളംകൈകൊണ്ടോ വലതു കൈകൊണ്ടോ തന്റെ ഇഷ്ടം നിവർത്തിക്കപ്പെടുന്നുവെന്ന്, സങ്കീർത്തനങ്ങളിലും പ്രവാചകന്മാരുടെ പുസ്തകങ്ങളിലും ഈ രസകരമായ നിഗമനം ബൈബിളിൽ കാണാം.

തന്നെ കല്ലെറിയുന്ന സമയത്തു സ്തെഫാനൊസ് സ്വർഗ്ഗത്തിലേക്ക് ഉറ്റുനോക്കിയപ്പോൾ, യാഹ്വെയുടെ വലത്തുഭാഗത്തു യാഹ്ശുവ നിൽക്കുന്നതു കണ്ടു എന്ന് അപ്പോസ്തല പ്രവൃത്തികൾ 7:56-ൽ എഴുതിയിരിക്കുന്നത് ശ്രദ്ധിക്കുക. രക്ഷകൻ യാഹ്വെയുടെ വലതുഭാഗത്ത് ഇരിക്കുന്നതായും, പിതാവിന്റെ വലങ്കൈ യാഹ്ശുവയുടെ നേരെ നീട്ടിയിരിക്കുന്നതുപോലെ യാഹ്ശുവയുടെ വലംകൈ നമ്മുടെ നേരെ നീട്ടിയിരിക്കുന്നു എന്നും മത്തായി 26:64, മർക്കോസ് 14:62, ലൂക്കോസ് 22:69, കൊലൊസ്സ്യർ 3:1 എന്നീ വാക്യങ്ങളിൽ വെളിപ്പെടുത്തുന്നു.

ഗലാത്യർ 2:8-9-ൽ, പൗലോസ് വിവരിക്കുന്നു, *എനിക്കു അഗ്രചർമ്മക്കാരുടെ ഇടയിലെ സുവിശേഷഘോഷണം ഭരമേല്പിച്ചിരിക്കുന്നു എന്നു കണ്ടും എനിക്കു ലഭിച്ച കൃപ അറിഞ്ഞുംകൊണ്ടു തൂണുകളായി എണ്ണപ്പെട്ടിരുന്ന യാക്കോബും കേഫാവും യോഹന്നാനും ഞങ്ങൾ ജാതികളുടെ ഇടയിലും അവർ പരിച്ഛേദനക്കാരുടെ ഇടയിലും സുവിശേഷം അറിയിപ്പാന്തക്കവണ്ണം എനിക്കും ബർന്നബാസിന്നും കൂട്ടായ്മയുടെ വലങ്കൈ തന്നു.*

## നിർണ്ണായകമായ അഞ്ചാമത്തെ കൽപ്പന

മാതാപിതാക്കളോടുള്ള നിർണായകമായ കടമകളെ അഞ്ചാമത്തെ കൽപ്പനയിൽകൂടി നമ്മൾക്ക്  കാണിച്ചുതരുന്നു. നമ്മളെ ജനിപ്പിച്ച് വളർത്തിയവരോടുള്ള ബന്ധം എപ്പോഴും ബഹുമാനത്തോടും ആദരവോടും ആയിരിക്കേണം എന്ന് പഠിപ്പിക്കുന്നു. കൂടാതെ, തങ്ങളുടെ മക്കൾക്ക് ആത്യന്തികമായി ഏറ്റവും നല്ലത് മാത്രം ആഗ്രഹിക്കുന്ന തങ്ങളുടെ ഭൗമിക പിതാവിനോടും മാതാവിനോടും അനുസരണമുള്ളവരായിരിക്കാൻ കൊച്ചുകുട്ടികളെ പഠിപ്പിക്കണം.

എന്നുവരികിലും, അഞ്ചാമത്തെ കൽപ്പന യാഹ്‌വെയുമായുള്ള നമ്മുടെ ബന്ധവുമായി യോജിപ്പിക്കുന്ന പ്രധാനപ്പെട്ട ഒരു ആത്മീയ വശവും ഇതിനുണ്ട്.

## യാഹ്‌വെ നമ്മുടെ ആത്മീയ പിതാവ്; പുതിയ യെരുശലേം, നമ്മുടെ 'അമ്മ'

മത്തായി 6:9-ലെ മാതൃകാ പ്രാർത്ഥനയിൽ, യാഹ്‌വെയെ നമ്മുടെ സ്വർഗ്ഗീയ പിതാവായി അഭിസംബോധന ചെയ്യുവാൻ യാഹ്ശുവ നമ്മോട് പറയുന്നു: "സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..." റോമർ 8:15-ലും, ഗലാത്യർ 4:6-ലും പൗലോസ് സ്വർഗ്ഗീയ പിതാവിനെ "അബ്ബാ, പിതാവേ" എന്ന് വിളിച്ച് അഭിസംബോധന ചെയ്യുന്നതായി കാണാം. യാഹ്‌വെ നിശ്ചയമായും നമ്മുടെ ആത്മീയ പിതാവാണ്, എല്ലാ ജീവന്റെ ഉറവിടവും തന്നിലൂടെയാണ്.

യാഹ്‌വെയുടെ ശരിയായ ആരാധന നടക്കുന്ന സ്ഥലമായി യെരുശലേം കണക്കാക്കപ്പെട്ടിരുന്നു. ശലോമോൻ ആലയം പണിത യെരുശലേമിനെ യാഹ്‌വെ തന്നെ തിരഞ്ഞെടുത്ത സ്ഥലമാണ്.  കിണറ്ററികിൽ വന്ന ശമര്യ സ്ത്രീയോട് യാഹ്ശുവ പറഞ്ഞത്, (യോഹന്നാൻ 4:21) ഗെരസീം പർവതത്തിലോ യെരുശലേമിലോ ആരാധന നടക്കാത്ത ഒരു സമയം വരുന്നു. കൂടാതെ,  യാഹ്‌വെ ആത്മാവു ആകുന്നു; തന്നെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്കരിക്കേണം (യോഹന്നാൻ 4:24) എന്നും യാഹ്ശുവ സ്ത്രീയോട് പറഞ്ഞു.

ആത്മീയ യെരുശലേം (വിശ്വാസികൾ ഉൾക്കൊള്ളുന്ന ഏകശരീരം, യഥാർത്ഥ കൂട്ടായ്മ) ഒരു ആലങ്കാരിക സ്ത്രീയായി കണക്കാക്കപ്പെടുന്നു-നമ്മുടെ 'അമ്മ'. ഗലാത്യർ 4:26-ൽ പൗലോസ് ഇതിനെകുറിച്ച് ഇങ്ങനെ പരാമർശിക്കുന്നു, അവിടെ അദ്ദേഹം എഴുതുന്നു: *മീതെയുള്ള യെരുശലേമോ സ്വതന്ത്രയാകുന്നു. അവൾ തന്നേ നമ്മുടെ അമ്മ.* ഈ സ്വർഗ്ഗീയ നഗരമായ യെരുശലേമിനെ “ജീവനുള്ള ദൈവത്തിന്റെ നഗരമായ സ്വർഗ്ഗീയയെരുശലേം” എന്ന് വിളിക്കുന്നു (എബ്രായർ 12:22). വെളിപാട് 12-ലെ സ്ത്രീയെ  യാഹ്‌വെയുടെ കൽപ്പനകൾ പാലിക്കുന്ന ഒരു ശേഷിപ്പിന്റെ അമ്മയായിട്ടു ഉപമിക്കുന്നു.

അബ്രഹാം ഭൂമിയിലെ തന്റെ പ്രവാസത്തിൽ അന്വേഷിച്ച അതേ നഗരം, *യാഹ്‌വെ ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിന്നായി കാത്തിരുന്നു* (എബ്രായർ 11:10). ബൈബിളിൽ പരാമർശിച്ചിരിക്കുന്ന "അമ്മ" കൂടുതൽ ശരിയായി അറിയപ്പെടുന്നത്, "വിളിക്കപ്പെട്ടവർ," ആത്മീയ ശരീരം, വിശുദ്ധ സഭ എന്നാണ്.

അങ്ങനെ, നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവിനെ തന്റെ വചനത്തിലൂടെ നാം പഠിക്കുകയും വിശുദ്ധ സഭയുടെ ഭാഗമാകുന്നതിലൂടെ മറ്റുള്ള അംഗങ്ങളോടുകൂടിയുള്ള സഹവാസത്തിലൂടെ നാം വളരുകയും ചെയ്യുന്നു (എഫെ. 4:8-12).

മാതാപിതാക്കളെ അനുസരിക്കുന്നവർക്ക് ഈ ഭൂമിയിൽ ദീർഘായുസ്സ് ഉണ്ടാകുമെന്ന് ബൈബിൾകൂടി വാഗ്ദാനം ലഭിക്കുന്നു. സ്വർഗ്ഗസ്ഥനായ പിതാവിനെ അനുസരിക്കുന്നവർക്ക് എത്രയധികം അനുഗ്രഹങ്ങൾ നൽകപ്പെടും. പിതാവായ യാഹ്‌വെയും സഭയായ  അമ്മയും, നമ്മുടെ ആത്മീയ മാതാപിതാക്കളെ ഉൾക്കൊള്ളുന്നു! നമ്മുടെ സ്വർഗീയ പിതാവിനോടുള്ള അനുസരണത്തിനുള്ള വാഗ്ദാനമാണ് നിത്യജീവൻ.

## ഉപസംഹാരം: കൽപ്പന പാലിക്കുന്നതാണ് യഥാർത്ഥ സ്നേഹം

യാഹ്ശുവ പറഞ്ഞു, നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും, യോഹ. 14:15. ആകയാൽ സ്നേഹം ന്യായപ്രമാണത്തിന്റെ നിവൃത്തി തന്നേ, (റോമ.13:10). യാഹ്‌വെയോടുള്ള സമർപ്പിത സ്നേഹംമൂലം, തന്റെ പരിശുദ്ധാത്മാവിനാൽ ദൈനംദിന ജീവിതത്തിൽ നമ്മെ പ്രചോദിപ്പിക്കുകയും നയിക്കുകയും ചെയ്യും . നാം യാഹ്‌വെയെ  സ്നേഹിക്കുന്നുവെങ്കിൽ, നാം തന്റെ വചനത്തെ മാനിക്കുകയും നമ്മുടെ പാപങ്ങൾക്കുവേണ്ടിയുള്ള തന്റെ പുത്രന്റെ ത്യാഗത്തെ വളരെ വിലപ്പെട്ടതായി കണക്കാക്കുകയും ചെയ്യും. അത്യുന്നതന്റെ ആത്മാവിന്റെ വാസസ്ഥലമായ

നമ്മുടെ ഭൗതിക ശരീരങ്ങളെ അശുദ്ധമാക്കാതിരിക്കാൻ നമ്മുടെ ജീവിതം ഒരു വിശുദ്ധ ജീവിതത്തെ പ്രതിഫലിപ്പിക്കും: *നിങ്ങൾ ദൈവത്തിന്റെ മന്ദിരം എന്നും ദൈവത്തിന്റെ ആത്മാവു നിങ്ങളിൽ വസിക്കുന്നു എന്നും അറിയുന്നില്ലയോ*, 1 കൊരിന്ത്യർ 3:16?

യാഹ്‌വെയോടുള്ള സ്നേഹം നമ്മുടെ സഹമനുഷ്യരോട് സ്നേഹം ജനിപ്പിക്കും; അച്ചടക്കത്തോടെയുള്ള ജീവിതം, നാം എല്ലാവർക്കും, വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്ക നന്മ ചെയ്യുന്നു (ഗലാ. 6:10).

പൗലോസ് ഈ കാര്യം വ്യക്തമാക്കുന്നു: *അന്യോന്യം സ്നേഹിക്കുന്നതു അല്ലാതെ ആരോടും ഒന്നും കടമ്പെട്ടിരിക്കരുതു; അന്യനെ സ്നേഹിക്കുന്നവൻ ന്യായപ്രമാണം നിവർത്തിച്ചിരിക്കുന്നുവല്ലോ. "വ്യഭിചാരം ചെയ്യരുതു", "കുല ചെയ്യരുതു", "മോഷ്ടിക്കരുതു", "മോഹിക്കരുതു", എന്നുള്ളതും മറ്റു ഏതു കല്പനയും കൂട്ടുകാരനെ നിന്നെപ്പോലെ സ്നേഹിക്ക എന്നീ വചനത്തിൽ സംക്ഷേപിച്ചിരിക്കുന്നു. സ്നേഹം കൂട്ടുകാരന്നു ദോഷം പ്രവർത്തിക്കുന്നില്ല; ആകയാൽ സ്നേഹം ന്യായപ്രമാണത്തിന്റെ നിവൃത്തി തന്നേ* (റോമർ 13:8–10).

തന്റെ പിതാവിന്റെ കൽപ്പനകളെ കുറിച്ച് യാഹ്ശുവ വ്യക്തമായി ഇപ്രകാരം പ്രസ്താവിച്ചു: *ഞാൻ ന്യായപ്രമാണത്തെയോ പ്രവാചകന്മാരെയോ നീക്കേണ്ടതിന്നു വന്നു എന്നു നിരൂപിക്കരുതു; നീക്കുവാനല്ല നിവർത്തിപ്പാനത്രെ ഞാൻ വന്നതു*, മത്തായി 5:17.  ന്യായപ്രമാണത്തെ അതിന്റെ ഏറ്റവും ഉയർന്ന ഉദ്ദേശ്യത്തിലേക്കും അർത്ഥത്തിലേക്കും ഉയർത്തി കാണിക്കാനാണ്  രക്ഷകൻ വന്നത്, അത് നമുക്ക് പിന്തുടരാനുള്ള ഒരു മാതൃകയായി താൻ ചെയ്തു കാണിച്ചു. ആകാശവും ഭൂമിയും ഇപ്പോഴും ഇവിടെയുള്ളതിനാൽ, തന്റെ നിയമങ്ങൾ പ്രാബല്യത്തിൽ തുടരുമെന്ന് നമുക്കറിയാം. അടുത്ത വാക്യത്തിൽ യാഹ്ശുവ ഇത് വ്യെക്തമായി പറയുന്നു: സത്യമായിട്ടു ഞാൻ നിങ്ങളോടു പറയുന്നു: *ആകാശവും ഭൂമിയും ഒഴിഞ്ഞുപോകുംവരെ സകലവും നിവൃത്തിയാകുവോളം ന്യായപ്രമാണത്തിൽനിന്നു ഒരു വള്ളി എങ്കിലും പുള്ളി എങ്കിലും ഒരുനാളും ഒഴിഞ്ഞുപോകയില്ല*, മത്തായി 5:18.

യോഹന്നാൻ 14:15–16–ൽ അനുസരണത്തിനായി ആത്മാവിന്റെ ദാനം യാഹ്ശുവ വാഗ്ദാനം ചെയ്തു: *നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കല്പനകളെ കാത്തുകൊള്ളും. എന്നാൽ ഞാൻ പിതാവിനോടു ചോദിക്കും; താൻ സത്യത്തിന്റെ ആത്മാവു എന്ന മറ്റൊരു കാര്യസ്ഥനെ എന്നേക്കും നിങ്ങളോടു കൂടെ ഇരിക്കേണ്ടതിന്നു നിങ്ങൾക്കു തരും,* പ്രവൃത്തികൾ 5:32 പറയുന്നു, യാഹ്‌വെ  തന്നെ അനുസരിക്കുന്നവർക്കു  പരിശുദ്ധാത്മാവിനെ നൽകും. കൂടാതെ, യോഹന്നാൻ 1 യോഹന്നാൻ 3:23–24 ൽ ഇത് സ്ഥിരീകരിക്കുന്നു: *തന്റെ കല്പനയോ, തന്റെ പുത്രനായ യാഹ്ശുവ മിശിഹായുടെ നാമത്തിൽ നാം വിശ്വസിക്കയും താൻ നമുക്കു കല്പന തന്നതുപോലെ അന്യോന്യം സ്നേഹിക്കയും വേണം എന്നുള്ളതു തന്നേ. തന്റെ കല്പനകളെ പ്രമാണിക്കുന്നവൻ തന്നിലും താൻ ഇവനിലും വസിക്കുന്നു. താൻ നമ്മിൽ വസിക്കുന്നു എന്നു താൻ നമുക്കു തന്ന ആത്മാവിനാൽ നാം അറിയുന്നു.*

ശ്രദ്ധേയമായ കാര്യം, ഒരു വ്യക്തിയിൽ യാഹ്‌വെയുടെ ആത്മാവിന്റെ ആദ്യഫലം സ്നേഹമാണ്, വചനത്തിൽ എഴുതിയിരിക്കുന്നതുപോലെ: ആത്മാവിന്റെ ഫലമോ: സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൌമ്യത, ഇന്ദ്രിയജയം; ഈ വകെക്കു വിരോധമായി ഒരു ന്യായപ്രമാണവുമില്ല, ഗലാത്യർ 5:22–23. പരിവർത്തനം ചെയ്യപ്പെട്ട ഒരു വ്യക്തി ആത്മാർത്ഥമായി തന്റെ ജീവിതത്തിൽ ഈ ഗുണങ്ങൾ പ്രകടിപ്പിക്കുന്നത് നിയമം ലംഘിക്കുകയില്ല!

© 2022 യാഹ്‌വെസ് അസംബ്ലി ഇൻ യാഹ്ശുവ
2963 കൗണ്ടി റോഡ് 233, കിംഗ്ഡം സിറ്റി, മിസൗറി 65262.
ഞങ്ങളെ ഓൺലൈനിൽ ഇവിടെ കാണുക: http://www.YAIY.org
ടോൾ ഫ്രീയായി വിളിക്കുക: +1 877 642-4101
പ്രധാന ലൈൻ: +1 573 642-4100